**ചടയമംഗലം ഗ്രാമന്യായാലയ**

**ഹാജർ: റിയ രാജി , ന്യായാധികാരി**

**28 ഏപ്രിൽ 2026 /8 വൈശാഖം 1948**

**ST 399/2018**

| | | |
|---|---|---|
| വാദി | : | കേരള സർക്കാരിനെ പ്രതിനിധീകരിച്ച് കടയ്ക്കൽ പോലീസ് സബ്ബ് ഇൻസ്പെക്ടർ (ക്രൈം നമ്പർ 1739/2017)<br>*(By Smt. Mithra J., A.P.P., )* |
| പ്രതികൾ | : | A1. ഷാൻ വഹാബ്, 33 വയസ്സ്, S/o. വഹാബ്, ചരുവിള പുത്തൻ വീട്, മണ്ണാംകോണം, കല്ലുവെട്ടാംകുഴി, മാങ്കോട് വില്ലേജ്.<br>A2. സുധീർ, 32 വയസ്സ്, S/o. കാസിം ബാവ, ചരുവിള പുത്തൻ വീട്, മണ്ണാംകോണം, കല്ലുവെട്ടാംകുഴി, മാങ്കോട് വില്ലേജ്.<br>*(By Adv. V. Ajimon)* |
| കുറ്റം | : | ഇന്ത്യൻ ശിക്ഷാനിയമം 1860 ലെ വകുപ്പ് 341, 294(b), 323, 506 (I), 34 എന്നീ വകുപ്പുകൾ പ്രകാരം |
| പ്ലീ | : | കുറ്റക്കാരനല്ല |
| തീർപ്പ് | : | കുറ്റക്കാരനല്ല |
| ശിക്ഷാവിധി /ഉത്തരവ് | : | പ്രതിയെ വകുപ്പ് 255(1) Cr.P.C പ്രകാരം നിരുപാധികം സ്വതന്ത്രനാക്കി വിട്ടയക്കുന്നു. പ്രതിയുടെ ജാമ്യ കൈച്ചീട്ടു റദ്ദാക്കിയിരിക്കുന്നു.<br>രണ്ടാം പ്രതിയ്ക്ക് എതിരെ ഉള്ള കേസ് *ST. 557/2018* ആയി റീ ഫയൽ ചെയ്ത് ഉത്തരവാകുന്നു. |

**പ്രതിയുടെ വിശദവിവരം**

| ക്രമ നം. | പേര് | വയസ്സ് | അച്ഛന്റെ പേര് | മേൽവിലാസം |
|---|---|---|---|---|
| 1. | ഷാൻ വഹാബ് | 33 | വഹാബ് | ചരുവിള പുത്തൻ വീട്, മണ്ണാംകോണം, കല്ലുവെട്ടാംകുഴി, മാങ്കോട് വില്ലേജ്. |
| 2. | സുധീർ | 32 | കാസിം ബാവ | ചരുവിള പുത്തൻ വീട്, മണ്ണാംകോണം, കല്ലുവെട്ടാംകുഴി, മാങ്കോട് വില്ലേജ്. |

**തീയതി**

| കുറ്റം നടന്ന തീയതി | പരാതിപ്പെട്ട തീയതി | പ്രതിയെ അറസ്റ്റ് ചെയ്ത തീയതി | ജാമ്യത്തിൽ വിട്ട തീയതി | വിസ്താരം ആരംഭിച്ച തീയതി | വിസ്താരം അവസാനിച്ച തീയതി | ശിക്ഷ/ ഉത്തരവ് | കാലതാമസം സംഭവിക്കാനുള്ള കാരണം |
|---|---|---|---|---|---|---|---|
| 10.09.2017 | 24.09.2017 | .... | A1.26.03.2024 | 06.02.2026 | 24.04.2026 | 28.04.2026 | -ഇല്ല- |

ഈ കേസ് 28.04.2026-ന് കോടതിയിൽ അന്തിമമായി വിചാരണയ്ക്ക് വരികയും, 28.04.2026-ന് ചുവടെ പറയും പ്രകാരം പുറപ്പെടുവിക്കുന്ന

**വിധിന്യായം**

കടയ്ക്കൽ പോലീസ് സ്റ്റേഷൻ സബ്ബ് ഇൻസ്പെക്ടർ, ക്രൈം നമ്പർ 1739/2017 ആയി അക്കമിട്ട പ്രാഥമിക വിവര റിപ്പോർട്ടിൻമേൽ അന്വേഷണം നടത്തി ടിയാൻ സമർപ്പിച്ച അന്തിമ റിപ്പോർട്ടിൽ ഇന്ത്യൻ ശിക്ഷാനിയമം 1860 ലെ വകുപ്പുകൾ 341, 294(b), 323, 506 (I), 34 പ്രകാരമുള്ള കുറ്റങ്ങൾ ആരോപിച്ച് കൊണ്ട് പ്രതികളായ വഹാബ് മകൻ ഷാൻ വഹാബ്, കാസിം ബാവ മകൻ സുധീർ എന്നിവക്ക് എതിരെ യഥാക്രമം ഒന്നും രണ്ടും പ്രതികളാക്കി ഫയൽ ചെയ്ത കേസ് ആണിത്.

2. പ്രോസിക്യൂഷൻ ആരോപിക്കുന്ന കുറ്റത്തിന്റെ ചുരുക്കം ചുവടെ പറയും പ്രകാരമാണ്:-

ആവലാതിക്കാരന്റെ വീടും വസ്തുവും ആവലാതിക്കാരന്റെ ഭാര്യയായ അൻസിയാബീവിക്ക് എഴുതിക്കൊടുത്തതിലുള്ള വിരോധം നിമിത്തം ആവലാതിക്കാരനെ ദേഹോപദ്രവം ഏൽപിക്കണമെന്നുള്ള ഉദ്ദേശത്തോടും കരുതലോടും കൂടി 10.09.2017 തീയതി 19.30 മണിക്ക് കല്ലുവെട്ടാംകുഴിയിലുള്ള കണ്ണങ്കരക്കോണം എന്ന സ്ഥലത്ത് വച്ച് ആവലാതിക്കാരന്റെ ഭാര്യയുടെ

ബന്ധുവായ ഒന്നും രണ്ടും പ്രതികൾ മോട്ടോർസൈക്കിളിൽ വന്ന ആവലാതിക്കാരനെ തടഞ്ഞ് നിർത്തി എടാ പൂറിമോനെ നീ വീട്ടും വസ്തുവും ഭാര്യ അൻസിയ ബീവിക്ക് എഴുതിക്കൊടുക്കില്ലേടാ എന്ന അസഭ്യം വിളിച്ച് കൊണ്ട് ഒന്നാം പ്രതി ആവലാതിക്കരാന്റെ നെഞ്ചിൽ വലത് ഭാഗത്ത് കൈകൊണ്ട് ഇടിച്ചും ഒന്നാം പ്രതി ആവലാതിക്കാരന്റെ നെഞ്ചിന്റെ വലത് ഭാഗത്ത് കൈകൊണ്ട് ഇടിച്ചും ഇടി കൊണ്ട് മോട്ടോർ സൈക്കിളിൽ നിന്നും മറിഞ്ഞു വീണ സമയം രണ്ടാം പ്രതി അടിവയറ്റിനും നാഭിക്കും ചവിട്ടിയും വസ്തു എഴുതിക്കൊടുത്തില്ലെങ്കിൽ കൊല്ലുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തിയും പ്രതികൾ മേൽവകുപ്പുകൾ പ്രകാരമുള്ള കുറ്റം ചെയ്തിരിക്കുന്നു എന്നുള്ളത്.

3. ഈ കേസിന്റെ അന്തിമ റിപ്പോർട്ട് ഈ കോടതി മുമ്പാകെ അന്വേഷണ ഉദ്യോഗസ്ഥൻ സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് മുഖേന സമർപ്പിക്കുകയും ആയത് കോടതി ST.399/2018 ആയി അക്കമിട്ട് ഫയലിൽ സ്വീകരിച്ച് പ്രതിക്കെതിരെ സമൻസ് ഉത്തരവായിട്ടുള്ളതാണ്. 26.03.2024 ൽ ഒന്നാം പ്രതി കോടതിയിൽ ഹാജരായി ജാമ്യഹർജി ഫയൽ ചെയ്തതിൽ ടിയാൻ ജാമ്യത്തിൽ പോയിട്ടുള്ളതുമാണ്. ക്രിമിനൽ നടപടി ക്രമത്തിലെ വകുപ്പ് 207 പ്രകാരമുള്ള പ്രോസിക്യൂഷൻ പ്രതി കുറ്റക്കാരാണെന്ന് ആരോപിക്കുന്ന റെക്കോർഡുകളുടെ പകർപ്പ് ടിയാന് നൽകി. ഇന്ത്യൻ ശിക്ഷാനിയമത്തിലെ വകുപ്പ് 341, 294(b) 323, 427, 34 പ്രകാരമുള്ള കുറ്റ ചുരുക്കം ഒന്നാം പ്രതിയ്ക്ക് വായിച്ച് കേൾപ്പിക്കുകയും ആയത് ടിയാൻ നിഷേധിക്കുകയും സാക്ഷി വിസ്താരം വേണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ആയതിൽ പ്രകാരം സാക്ഷികൾക്ക് സമൻസ് ഉത്തരവ് ആയിട്ടുള്ളതുമാണ്.

4. പ്രോസിക്യൂഷൻ പ്രതികൾക്കെതിരെ ചുമത്തിയിട്ടുള്ള കുറ്റങ്ങൾ തെളിയിക്കുന്നതിലേക്കായി 7 ചാർജ് സാക്ഷികളെ ചാർജിൽ ഉൾപ്പെടുത്തിയിട്ടുള്ളതും ആയതിൽ ഒന്ന് മുതൽ മൂന്ന് വരെ ചാർജ്ജ് സാക്ഷികളെ ഒഴിവാക്കുകയും ചെയ്തതിനാൽ പ്രോസിക്യൂഷന് അനുകൂലമായി സാക്ഷികൾ ഇല്ലാത്തതിനാൽ പ്രോസിക്യൂഷൻ ബാക്കി സാക്ഷികളെ വിസ്തരിക്കേണ്ടതില്ല എന്ന് കോടതിയിൽ അറിയിച്ചു. തുടർന്ന് അസിസ്റ്റന്റെ പബ്ലിക് പ്രോസിക്ക്യൂഷൻ മുഖേന രേഖകൾ ഹാജരാക്കുന്നത് പ്രതിഭാഗം അഭിഭാഷകന് എതിർപ്പില്ല എന്ന് അറിയിച്ച പ്രകാരം സെക്ഷൻ 294 (3) സിആർപിസി പ്രകാരം FIS Ext.P1 ആയും എഫ്.ഐ. ആർ. Ext.P2 ആയും സീൻ മഹസർ Ext.P3 ആയും അഡ്രസ്സ് റിപ്പോർട്ട് Ext.P4 ആയും Bail bond Ext.P5 ആയും വൂണ്ട് സർട്ടിഫിക്കേറ്റ് ആയും Ext.P6 തെളിവിൽ സ്വീകരിക്കുകയും തുടർന്ന് പ്രോസിക്യൂഷൻ ഭാഗം തെളിവ് അവസാനിപ്പിച്ചു.

5. പ്രതിക്കെതിരെ ഉന്നയിച്ച കുറ്റങ്ങൾ തെളിയിക്കുന്നതിലേക്കായി പ്രോസിക്യൂഷൻ ഭാഗം സാക്ഷികൾ ഒന്നും ഇല്ലാത്തതിനാൽ ക്രിമിനൽ നടപടിക്രമത്തിലെ 313(1)(b) പ്രകാരമുള്ള ചോദ്യം ചെയ്യൽ ഈ കോടതി ഒഴിവാക്കി.

6. പ്രതിഭാഗം തെളിവുകൾ ഒന്നും തന്നെ ഹാജരാക്കിയില്ല.

7. ഇരുഭാഗങ്ങളുടെയും വാദം കേട്ടു.

8. ഇരുഭാഗത്തേയും കേട്ടതിൽ വെച്ച് താഴെ പറയുന്ന പരിഗണന വിഷയങ്ങൾ രൂപീകരിച്ചു.

    1. പ്രതി, ആവലാതിക്കാരെ തടഞ്ഞ് നിർത്തി ഇന്ത്യൻ ശിക്ഷാനിയമത്തിലെ വകുപ്പ് 341 പ്രകാരമുള്ള കുറ്റം ചെയ്തിട്ടുണ്ടോ?

2. പ്രതി, ഒന്നാം സാക്ഷിയെ അസഭ്യം വിളിച്ച് ഇന്ത്യൻ ശിക്ഷാനിയമത്തിലെ വകുപ്പ് 294(b) പ്രകാരമുള്ള കുറ്റം ചെയ്തിട്ടുണ്ടോ?
3. പ്രതി, ആവലാതിക്കാരനെ ആയുധങ്ങളില്ലാതെ, അടിച്ചും മറ്റും ഇന്ത്യൻ ശിക്ഷാനിയമത്തിലെ വകുപ്പ് 323 പ്രകാരമുള്ള കുറ്റം ചെയ്തിട്ടുണ്ടോ
4. പ്രതി, ആവലാതിക്കരെ ഭീഷണിപ്പെടുത്തി ഭയപ്പെടുത്തുകയോ ചെയ്ത് ഇന്ത്യൻ ശിക്ഷാനിയമത്തിലെ വകുപ്പ് 506 (I) പ്രകാരമുള്ള കുറ്റം ചെയ്തിട്ടുണ്ടോ?
5. പ്രതികൾ, ദേഹോപദ്രവം എന്ന ഉദ്ദേശ്യത്തോടെ ഒത്തുചേർന്ന് ഇന്ത്യൻ ശിക്ഷാനിയമത്തിലെ വകുപ്പ് 34 പ്രകാരമുള്ള കുറ്റം ചെയ്തിട്ടുണ്ടോ?
6. പ്രതി കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ എന്ത് ശിക്ഷ വിധിക്കണം?

9. <u>ഒന്നു മുതൽ അഞ്ച് വരെയുള്ള പരിഗണനാ വിഷയങ്ങൾ.</u>

പ്രതി കുറ്റക്കാരൻ ആണെന്ന് തെളിയിക്കാനായി പ്രോസിക്ക്യൂഷൻ സാക്ഷികളൊന്നും ഇല്ലാത്തതിനാൽ പ്രതിക്കെതിരായ തെളിവുകൾ ഒന്നുമില്ല എന്ന് കോടതിക്ക് ഉത്തമ ബോധ്യം വന്നിരിക്കുന്നു. ആയതിനാൽ പ്രതി ഒന്നു മുതൽ അഞ്ച് വരെ പരിഗണനാ വിഷയങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള കുറ്റകൃത്യങ്ങൾ ചെയ്തതായി തെളിയിക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടിരിക്കുന്നു. ആയതിനാൽ മുതൽ അഞ്ച് വരെ പരിഗണന വിഷയങ്ങൾ പ്രോസിക്യൂഷന് എതിരെ കണ്ടെത്തിയിരിക്കുന്നു.

10. <u>ആറാം പരിഗണനാ വിഷയം.</u>

അന്തിമ റിപ്പോർട്ടിൽ ആരോപിച്ച കുറ്റകൃത്യങ്ങൾ ഒന്നാം പ്രതി നടത്തിയതായി തെളിയിക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടതിനാൽ ഒന്നാം പ്രതിയെ ക്രിമിനൽ നടപടി ക്രമത്തിലെ വകുപ്പ് 255(1) പ്രകാരം കുറ്റവിമുക്തൻ

ആക്കിയിരിക്കുന്നു. പ്രതിയെ നിരുപാധികം സ്വതന്ത്രനാക്കി വിട്ടയക്കുന്നു. ഒന്നാം പ്രതി, ടിയാന്റെ സാന്നിധ്യം ഉറപ്പുവരുത്തുന്നതിലേക്കായി കോടതിയിൽ എഴുതി വച്ച ജാമ്യകൈചീട്ടുകൾ ഇതിനാൽ റദ്ദാക്കപെട്ടിരിക്കുന്നു.

രണ്ടാം പ്രതിയ്ക്ക് എതിരെ ഉള്ള കേസ് *ST. 557/2018* ആയി റീ ഫയൽ ചെയ്ത് ഉത്തരവാകുന്നു.

*(തുറന്ന കോടതിയിൽ ഇന്നേ ദിവസമായ 28.04.2026-ൽ ഞാൻ ഈ വിധി പുറപ്പെടുവിക്കുകയും ചെയ്യുന്നു.)*

**ഒപ്പ്/-**
**റിയ രാജി ,**
**ന്യായാധികാരി**
**ഗ്രാമ ന്യായാലയ, ചടയമംഗലം**

**അനുബന്ധം**

**പ്രോസിക്യൂഷൻ സാക്ഷികൾ** :- ഇല്ല.

**പ്രോസിക്യൂഷൻ ഭാഗം അക്കമിട്ട രേഖകൾ** :-

| | | | | | |
|---|---|---|---|---|---|
| 1. | P1 | - | FIS | - | 294 (3) of Cr.PC |
| 2. | P2 | - | എഫ്.ഐ. ആർ. | - | 294 (3) of Cr.PC |
| 3. | P3 | - | സീൻ മഹസർ | - | 294 (3) of Cr.PC |
| 4. | P4 | - | അഡ്രസ്സ് റിപ്പോർട്ട് | - | 294 (3) of Cr.PC |
| 5. | P5 | - | Bail bond | - | 294 (3) of Cr.PC |
| 6. | P6 | - | വൂണ്ട് സർട്ടിഫിക്കേറ്റ് | - | 294 (3) of Cr.PC |

**പ്രതിഭാഗം സാക്ഷികൾ** :- ഇല്ല.

**പ്രതിഭാഗം അക്കമിട്ട രേഖകൾ** :- ഇല്ല.

**തൊണ്ടിമുതലുകൾ** :- ഇല്ല.

**ഒപ്പ്/-**
**റിയ രാജി**
**ന്യായാധികാരി**
**ഗ്രാമന്യായലയ, ചടയമംഗലം**